# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3153 03/04/2013-ൽ മറുപടിയ്ക്ക്

## സംസ്ഥാന ഹോൾട്ടിക്കൾച്ചർ മിഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. സി. കൃഷ്ണൻ<br>പ്രൊഫ. സ ി . രവീന്ദ്ര നാഥ്<br>ശ്രീ. വി. ചെന്താമരാക്ഷൻ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ഹോൾട്ടിക്കൾച്ചർ മിഷന്റെ ലക്ഷ്യവും ഇപ്പോഴത്തെ പ്രവർത്തനങ്ങളും വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | എ) 2008-09 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനായി കൺട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ ഒരു പെർഫോമൻസ് ഓഡിറ്റ് നടത്തിയിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും അക്കൗണ്ടന്റ് ജനറൽ-കേരളയുടെ പീരിയോടിക്കൽ ഓഡിറ്റും ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ നേതൃത്വത്തിൽ ഇന്റേണൽ ഓഡിറ്റും നടത്താറുണ്ട്. 2005-06 സാമ്പത്തിക വർഷം മുതൽ 2008-09 വരെയുള്ള സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ഒരു കൺകറന്റ് ഇവാലുവേഷൻ സ്റ്റഡി നടത്തിയിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ആന്ധ്ര പ്രദേശ് പ്രൊഡക്റ്റിവിറ്റി കൗൺസിലിന്റെ നേതൃത്വത്തിൽ ഇംപാക്ട് ഇവാലുവേഷൻ സ്റ്റഡി നടത്തി വരുന്നു. |

| | |
|---|---|
| വി) ഗ്രീൻ ഹൗസ് ഹൈടെക്ക് ഫാമിംഗിന്റെ മുൻവർഷത്തെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ; | ബി) ഒരു പഞ്ചായത്തിൽ 3 എന്ന നിരക്കിൽ 2934 പഞ്ചായത്തുകളിൽ പോളീഹൗസുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ നാളിതുവരെ 1115 ഗുണ ഭോക്താക്കളെയാണ് പദ്ധതിയ്ക്ക് അർഹരായി തിരഞ്ഞെടുത്തിട്ടുള്ളത്. ഇവയിൽ 200 പോളീഹൗസുകളുടെ നിർമ്മാണം ആരംഭിക്കുകയും 51 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിപണനവും രംഗത്ത് പുതുതായി മിഷൻ ആവിഷ്ക്കരിച്ച പദ്ധതികളും പരിപാടികളും എന്താണ് ; | സി) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം മാതൃകാ നഴ്സറികൾ സ്ഥാപിക്കുന്നതിനും ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിനും സർക്കാർ സ്ഥാപനങ്ങൾ മുഖേനയും സ്വകാര്യ സ്ഥാപനങ്ങൾ മുഖേനയും ധനസഹായം നൽകി വരുന്നു. കൂടാതെ ഗുണ മേന്മയുള്ള ടിഷ്യുക്കൾച്ചർ നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനായി സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും പുതിയ ടിഷ്യുക്കൾച്ചർ ലാബുകളുടെ നിർമ്മാണത്തിനും, നവീകരണത്തിനും ധനസഹായം നൽകിവരുന്നു. |
| ഡി) ബജറ്റിൽ ഇതിനായി 2013-14 വർഷം അധികമായി വകയിരുത്തിയ തുക എത്ര; മുൻ വർഷം തുക എത്രയായിരുന്നു ? | ഡി) സംസ്ഥാന സർക്കാരിന്റെ 2013-14 ബജറ്റിൽ ഹൈടെക് ഫാമിംഗ് പദ്ധതിയ്ക്കായി 12 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2012-13 ബജറ്റിൽ 12 കോടിരൂപ വകയിരുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ